"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ്- സീനിയർ ക്ലാർക്ക് സീനിയോരിറ്റി ലിസ്റ്റിലെ സ്ഥാനം പുനഃക്രമീകരിച്ച് നല്കണമെന്നാവശ്യപ്പെട്ട്, മൈനിംഗ് & ജിയോളജി വകുപ്പിലെ സീനിയർ ക്ലാർക്ക് ശ്രീമതി പ്രിയ വി ഫയൽ ചെയ്ത ഒ.എ. 437/2025-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 04/07/2025 ലെ ഉത്തരവ് നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.68/2026/ID തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 437/2025- ന്മേലുള്ള 04/07/2025-ലെ ഉത്തരവ്.
2. മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ 22/02/2024-ലെ 2129/ഇ3/2023 നമ്പർ അറിയിപ്പ്.
3. വ്യവസായ വകുപ്പ് സെക്രട്ടറിക്ക് മുൻപാകെ ശ്രീമതി പ്രിയ വി. സമർപ്പിച്ച 03/06/2025-ലെ അപ്പീൽ (അനക്സർ എ7).
4. മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടറുടെ 14/07/2025-ലെ 1837/2025/ഇ3 നമ്പർ കത്ത്.

**ഉത്തരവ്**

സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ സീനിയർ ക്ലാർക്ക്, ശ്രീമതി പ്രിയ വി., കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. നം.437/2025 ന്മേലുള്ള ബഹു ട്രൈബ്യൂണലിന്റെ പരാമർശം 1 -ലെ ഉത്തരവ് പ്രകാരം, പരാതിക്കാരി സമർപ്പിച്ച അനക്സർ എ7 അപ്പീൽ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

പരാതിക്കാരിയായ ശ്രീമതി പ്രിയ വി. 25/10/2012-ന് ലോവർ ഡിവിഷൻ ടൈപ്പിസ്റ്റായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. 11/03/2015-ന് ടിയാളുടെ സർവീസ് റെഗുലറൈസ് ചെയ്തു. 24/03/2015-ൽ പ്രൊബേഷൻ പൂർത്തിയാക്കിയ ശ്രീമതി പ്രിയയ്ക്ക് 01/08/2019-ന് അപ്പർ ഡിവിഷൻ ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം ലഭിച്ചു. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ യോഗ്യതാ പരീക്ഷ പാസായ ടിയാൾ 29/06/2021-ന് അപ്പർ

ഡിവിഷൻ ടൈപ്പിസ്റ്റിൽ നിന്ന് സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് മാറി. 26/07/2023-ന് ഖനന വകുപ്പിലെ സീനിയർ ക്ലാർക്കിന്റെ താൽക്കാലിക സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ പരാതിക്കാരിയെ 17-ാം നമ്പറായി ഉൾപ്പെടുത്തിയിരുന്നു. 24/03/2021-ന് സീനിയർ ക്ലാർക്കിന്റെ ഒഴിവ് ഉണ്ടായതിനാൽ, ടിയാൾക്ക് പ്രസ്തുത ദിവസം മുതൽ വിഭാഗ മാറ്റം അനുവദിക്കേണ്ടതായിരുന്നുവെന്നും ശ്രീ. അരുൾ കുമാർ എസി.- ന് പകരം സീനിയോരിറ്റി ലിസ്റ്റിൽ 14-ാം സ്ഥാനത്ത് ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ടിയാൾ മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നല്കിയിരുന്നു. എന്നാൽ 23/08/2012 ലെ GO(Ms)41/2012/P&ARD ഉത്തരവിലെ അവസാന ഖണ്ഡികയിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന iii- ാമത്തെ വ്യവസ്ഥ, 05/04/2013 ലെ GO(Ms)8/2013/P&ARD ഉത്തരവ് പ്രകാരം 23/08/2012 തീയതി മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്തിട്ടുള്ള ഉത്തരവ്, ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല എന്നിവ കണക്കിലെടുത്തും KSR-ന്റെ ഭാഗം I-ലെ റൂൾ 27(a) ഈ കേസിൽ ബാധകമല്ലെന്നും ചൂണ്ടിക്കാട്ടി പരാതിക്കാരിയുടെ അവകാശവാദം തള്ളിക്കൊണ്ട് മൈനിങ് ആന്റ് ജിയോളജി ഡയറക്ടറേറ്റ് പരാമർശം 2 പ്രകാരം അറിയിപ്പ് പുറപ്പെടുവിക്കുകയുണ്ടായി. മൈനിങ് ആന്റ് ജിയോളജി ഡയറക്ടറുടെ പരാമർശം 2-ലെ ഉത്തരവിനെതിരേ പരാമർശം 3 പ്രകാരം പരാതിക്കാരി വ്യവസായ വകുപ്പ് സെക്രട്ടറിക്ക് അപ്പീൽ അപേക്ഷ നല്കുകയുണ്ടായി.

പരാതിക്കാരിയുടെ അപ്പീൽ അപേക്ഷ, മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ പരാമർശം (4) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും ക്ലാർക്ക് തസ്തികയിലേക്കും സീനിയർ ടൈപ്പിസ്റ്റിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്കും തസ്തികമാറ്റത്തിനുള്ള വ്യവസ്ഥകൾ പരാമർശിക്കുന്ന 26/9/1968, 05.04.2013, 23.08.2012 തീയതികളിലെ G.O.(Ms) No.301/1968/PD, G.O.(Ms) No.8/2013/P&ARD, G.O.(Ms) No.41/2012/P&ARD ഉത്തരവുകൾ പ്രകാരം യു ഡി ക്ലാർക്ക് തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അഞ്ച് വർഷ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള യു.ഡി.ടൈപ്പിസ്റ്റുകൾക്ക് വകുപ്പിലുണ്ടാകുന്ന യു ഡി ക്ലാർക്കിന്റെ ആറാമത്തെ ഒഴിവിൽ കാറ്റഗറി മാറ്റം അനുവദിക്കാവുന്നതാണ്. ഈ ഉത്തരവ് പ്രകാരം യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുള്ളർ തസ്തികമാറ്റം അനുവദിച്ച ഉത്തരവ് തീയതി പ്രാബല്യത്തിൽ അവരുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി കണക്കാക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽപറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിശ്ചിത ഊഴം വന്ന മുറയ്ക്കാണ് ടിയാൾക്ക് വിഭാഗ മാറ്റം അനുവദിച്ചിട്ടുള്ളതെന്നും ഒഴിവു നികത്തപ്പെടുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി കാണുന്നില്ലായെന്നും മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽപറഞ്ഞ സാഹചര്യത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിലെ

സീനിയോരിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിലെ സീനിയർ ക്ലാർക്ക്, ശ്രീമതി. പ്രിയ. വി, പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ (*Annexure A7*) നിരസിച്ചു കൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 1 ഉത്തരവ് നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ ,തിരുവനതപുരം (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, മൈനിങ് & ജിയോളജി, തിരുവനന്തപുരം
ശ്രീ. പ്രിയ വി. (മൈനിങ് & ജിയോളജി വകുപ്പ് ഡയറക്ടർ മുഖേനെ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 23-01-2026 11:55:41
സെക്ഷൻ ഓഫീസർ